കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
www.ksad.kerala.gov.in

# വാഴക്കുളം ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇ.കെ.എം(പി5)1684/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം, സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682 030
ഫോൺ : 0484-2422271
email:doekm.ksad@kerala.gov.in

തീയതി : 02.11.2019

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
**വാഴക്കുളം** ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം :- **വാഴക്കുളം** ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വാഴക്കുളം** ഗ്രാമപഞ്ചായത്തിന്റെ **2017-18** സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്:</u>
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3) കാര്യാലയ പകർപ്പ്

നം കെ.എസ്.എ-ഇ.കെ.എം (പി 5)1684/2019 തീയതി. 02/11/2019

**എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

. എറണാകുളം ജില്ലയിലെ **വാഴക്കുളം** ഗ്രാമപഞ്ചായത്തിന്റെ **2018-19**സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 1/4/2018 മുതൽ 31/3/2019 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.വിനോദ് കെ.കെ.<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16.09.2019 മുതൽ 27.09.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി ഷേർളി പീറ്റർ<br>ഓഡിറ്റ് ഓഫീസർ |
| | ശ്രീ. റഷീദ് സി. എം.<br>അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി ഷൈബി ഇ.ഡി.<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. പ്രവീൺ വി.എൻ.<br>ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | വിജി സണ്ണി | 01.04.2018മുതൽ<br>04.08.2018വരെ |
| | നിഷ ഏലിയാസ്<br>(ചാർജ്) | 05.08.2018മുതൽ<br>29.08.2018വരെ |
| | ഷെറീന ബഷീർ | 30.08.2018മുതൽ |

| | | |
|---|---|---|
| | | 31.03.2019വരെ |
| സെക്രട്ടറി | ശ്രീ എം.മൊയ്തുണ്ണിക്കുട്ടി | 01.04.2018മുതൽ 03.10.2018വരെ |
| | ശ്രീ സത്യനാരായണൻ പി. കെ. അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 04.10.2018മുതൽ 10.10.2018വരെ |
| | ശ്രീമതി മേഴ്സി കെ. ഒ. | 11.10.2018മുതൽ 03.12.2018വരെ |
| | ശ്രീ സത്യനാരായണൻ പി. കെ. അസിസ്റ്റന്റ് സെക്രട്ടറി (ചാർജ്) | 04.12.2018 മുതൽ 09.12.2018വരെ |
| | ശ്രീ രവികുമാർ എൻ. | 10.12.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>**

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | സ്റ്റീഫൻ കെ കെ | 1//4/18മുതൽ 31/07/18 വരെ |
| | ഖദീജാ ബീവി എം | 1/08/18മുതൽ 31/3/19 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | സത്യനാരായണൻ പി കെ | 1/4/18 മുതൽ 31/3/19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ. ബബിത മാത്യു | 1/4/18 മുതൽ 26/11/18വരെ |
| | ഡോ. സി എം ഷറഫുദ്ദീൻ | 27/11/18 മുതൽ 31/3/19വരെ |
| കൃഷി ഓഫീസർ | അനിത കെ | 1/4/18 മുതൽ 31/3/19 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ.അജയ് ബാബു | 1/4/18 മുതൽ 31/3/19 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജലീന നാലകത്ത് | 1/4/18 മുതൽ 31/3/19വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഷീജ കെ കെ | 1/4/18 മുതൽ 31/3/19 വരെ |
| വി.ഇ.ഒ, മഞ്ഞപ്പെട്ടി | വിനോദ്കുമാർ | 1/4/18 മുതൽ 31/3/19വരെ |
| വി.ഇ.ഒ., വാഴക്കുളം | രാകേഷ് കെ നായർ | 1/4/18 മുതൽ 31/3/19വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ദിയ റസാക്ക് | 1/4/18 മുതൽ 31/3/19 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഉമ്മു ഹബീബ | 1/4/18 മുതൽ 17/7/18 വരെ |
| | സഹീറ എം എ | 18/7/18 മുതൽ [illegible] |

| | | |
|---|---|---|
| | | 31/3/19 വരെ |
| ഹെഡ്മിസ്ട്രസ്,ഗവ.എൽ.പി.സ്കൂൾ, എഴിപ്രം | മിനി മാത്യു | 1/4/18 മുതൽ 31/3/19വരെ |

**ഉള്ളടക്കം**


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം(R&P പ്രകാരം) | 1-4 | |
| 5 | ഫണ്ട് വിനിയോഗം (ACR പ്രകാരം) | 1-5 | |
| 6 | പദ്ധതി അവലോകനം | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | സാക്ഷരതാ മിഷനിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക -വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-12 | |
| 13 | തൊഴിൽ നികുതി ഈടാക്കാത്തത് | 1-13 | |
| 14 | ജങ്കാർ സർവ്വീസ് ലേലം നടപടികൾ പൂർത്തിയായില്ല | 1-14 | |
| 15 | സാംഖ്യ രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. | 1-15 | |
| 16 | വായനശാല പുനരുദ്ധാരണം - 277619 രൂപ തടസ്സം | 1-16 | |
| 17 | സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ് | 1-17 | |
| 18 | അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല | 1-18 | |
| 19 | സ്കൂളുകൾക്ക് സംഗീത ഉപകരണങ്ങൾ -അപാകതകൾ | 1-19 | |
| 20 | വീട് വാസയോഗ്യമാക്കൽ- അനുവദിക്കുന്നത് പരിമിതമായ തുക | 1-20 | |
| 21 | സ്കൂൾ വിദ്യാർത്ഥികളുടെ മികവ് മാഗസിൻ -കുട്ടികളുടെ പങ്കാളിത്തം കുറവ് | 1-21 | |
| 22 | കുടിവെള്ള കണക്ഷന് സബ്സിഡി | 1-22 | |
| 23 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് | 1-23 | |

| | | | |
|---|---|---|---|
| | സ്കോളർഷിപ്പ്-ആനുകൂല്യം മുഴുവൻ നൽകുന്നില്ല | | |
| 24 | ആദായനികുതി സ്രോതസ്സിൽ നിന്ന് (ടി.ഡി.എസ്) ഈടാക്കിയില്ല | 1-24 | |
| 25 | വീട് വാസയോഗ്യമാക്കൽ -അപാകതകൾ | 1-25 | |
| 26 | പഞ്ചായത്തിലെ ഗവ./എയ്ഡഡ് യു പി സ്കൂളുകൾക്ക് ഗണിതലാബ് -മാർഗ്ഗരേഖയുടെ ലംഘനം | 1-26 | |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല | 1-27 | |
| 28 | ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടച്ചതിന്റെ വിവരം | 1-28 | |
| | ഭാഗം 4 | | |
| 29 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 30 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 31 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 | |
| 32 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 33 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 34 | ഓഡിറ്റ് റിക്കവറി | 4-6 | |
| 35 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 | |
| 36 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 | |
| 37 | ഓഡിറ്റ് പ്രത്യവലോകനം | 4-9 | |
| 38 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 | |
| 39 | ഓഡിറ്റ് സർട്ടിഫിക്കറ്റ് (2018-19) | അനുബന്ധം-1 | |
| 40 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് (2018-19)<br>ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് (2018-19)<br>ബാലൻസ് ഷീറ്റ്(2018-19) | അനുബന്ധം-2 | |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

28/3/2018 തീയതിയിലെ 1/1 നം.തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 13/02/2019 തീയതിയിലെ 1(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| 31.7.2019 | 06.05.2019 | -- | -- |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 06.06.2019&07.06.2019 | കെ.എസ്.എ.-ഇ കെ.എം. (പി.ജി.) 1227 /(45) /2019/ 29.07.2019 |

# 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 24995355.87 |
| വരവ് | 126659592.00 |
| ആകെ | 151654947.87 |
| ചെലവ് | 98399676.00 |
| നീക്കിയിരിപ്പ് | 53255271.87 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 20504480 | 20504480 | 20507046 | 2566 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 8274000 | 8274000 | 7514035 | 759965 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 540000 | 540000 | 459448 | 80552 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 17467000 | 17467000 | 17297132 | 169868 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 4173000 | 4173000 | 3398947 | 774053 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 11418893 | 11418893 | 7593016 | 3825877 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | 0 | 0 | 0 | 0 | 0 |
| സാക്ഷരത | | 100000 | - | 100000 | - | 100000 |
| ദുരിതാശ്വാസനിധി | | 13062 | 462 | 13524 | 0 | 13524 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | 0 | 20091000 | 20091000 | 20091000 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 2000 | 494919 | 496919 | 494919 | 2000 |

| | | | | | | |
|---|---|---|---|---|---|---|
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് – STSB | | 52036 | 5598788 | 5650824 | 3862201 | 1788623 |
| ബി ഫണ്ട് | | 0 | 60326240 | 60326240 | 60326240 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് (TSB) | | 85839 | 25471654 | 25557493 | 17221678 | 8335815 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 20983247.87 | 73638129 | 94621376.87 | 56691121 | 37930255.87 |
| മറ്റിനം - ഡെപ്പോസിറ്റുകൾ | | 3322952 | 1364640 | 4687592 | 237300 | 4447880* |

*Bidder's security deposit, Rent deposit എന്നിവയിൽ നിന്ന് യഥാക്രമം 21576/-രൂപ , 19164/-രൂപ എന്നിങ്ങനെ മുതൽക്കൂട്ടിയ തുക കഴിച്ചിട്ടുള്ള തുകയാണ് ബാലൻസായി ചേർത്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 109699442 | 133 | 75927788 | 56 | 46 | 56.6 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) രജിസ്റ്റേഡ് ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് (12/18)

2) യൂണിറ്റ് (മോട്ടോർ ഘടിപ്പിക്കാത്ത നാലുചക്ര വാഹനം) (22/18)

3) വീട് വാസയോഗ്യമാക്കൽ എസ് ടി-(155/18)

4) പൈപ്പ് കമ്പോസ്റ്റ് (160/19)

5) കുടിവെള്ള കണക്ഷൻ-ആശ്രയ (165/19)

6)റോഡ് സൈഡ് പ്രൊട്ടക്ഷൻ &മെയിന്റനൻസ് -വാർഡ് 20 (186/19)

7) പശു വളർത്തൽ (207/19)

8) പി എച്ച് സി -ഡ്രെയ്നേജ് സൌകര്യം ഒരുക്കൽ (216/19)

9) മൂരാച്ചേരിക്കുളം നവീകരണം (224/19)

പ്രോ.നം.210/19,138/19 തെരുവ് വിളക്ക് സ്ഥാപിക്കൽ, അറ്റകുറ്റപണി എന്ന പ്രോജക്ട് കരാറുകാരെ ഒഴിവാക്കി അടാട്ട് മോഡലിൽ പഞ്ചായത്ത് തന്നെയാണ് നടപ്പാക്കിയത്. മിനിമെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റേഷന്റെ ഭാഗമായി, പഞ്ചായത്തിന്റെ തിരക്കേറിയ ഇടങ്ങളിൽ പ്ലാസ്റ്റിക്ക് നിർമാർജനം ലക്ഷ്യം വെച്ച്, കാലി കുപ്പികൾ ഉപേക്ഷിക്കുന്നതിനായി 10 'ബോട്ടിൽ ബൂത്തുകൾ' (പ്രോ.നം.269/19)

സ്ഥാപിച്ചിട്ടുണ്ട്. ശുചിത്വമിഷൻ ലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനായി ആവിഷ്കരിച്ച നൂതന പദ്ധതി പ്രയോജനപ്രദമാണ്.

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 2000 | 494919 | 496919 | 494919 | 2000 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | -- | 20091000 | 20091000 | 20091000 | ---- |

.

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 112440 | 82 |
| കർഷകതൊഴിലാളി പെൻഷൻ | 5306600 | 400 |
| വിധവാപെൻഷൻ | 18842000 | 1530 |
| വാർദ്ധക്യകാലപെൻഷൻ | 29161000 | 2327 |
| വികലാംഗപെൻഷൻ | 6231800 | 500 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 312400 | 27 |
| വിധവകളുടെ പെൺമക്കളുടെ വിവാഹധനസഹായം | 360000 | 12 |
| നെൽകർഷകർക്കുള്ള ഉത്പാദക ബോണസ് | 9968 | 18 |

# 1-9 ക്യാഷ് പരിശോധന

. 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 25.09.2019 ന് സ്ഥാപന തലവന്റെ/(സെക്രട്ടറി ഗ്രാമപഞ്ചായത്ത്) ന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 27872/-രൂപ ക്യാഷ് ബാലൻസിന്റെ/ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം തൃപ്തികരമാണ്. ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭിക്കുന്നതിന്റെ ഭാഗമായി കാര്യക്ഷമമായ ഫ്രണ്ട് ഓഫീസ് സംവിധാനം മുതൽ പൊതുജനങ്ങൾക്കുള്ള അറിയിപ്പ് നോട്ടീസ് ബോർഡുകൾ ഉദാ.വി.ഇ.ഒ. മാർ ഫീൽഡ് തല പ്രവർത്തനങ്ങളിലൊ, മീറ്റിംഗുകളിലൊ പങ്കെടുക്കുകയാണെങ്കിൽ വിവരം രേഖപ്പെടുത്തുന്ന

അറിയിപ്പുകൾ, അപേക്ഷകളോടൊപ്പം ഹാജരാക്കേണ്ട രേഖകളുടെ പട്ടിക വരെ സജ്ജമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിൽ തീർപ്പാക്കാൻ കഴിയാത്ത പൊതുജനപരാതികൾ പരിഹരിക്കുന്നതിനായി, താലൂക്ക് ലീഗൽ എയ്ഡ് സൊസൈറ്റിയുടെ സഹായത്തോടെ പ്രതിമാസ ലീഗൽ എയ്ഡ് ക്ളിനിക്ക് സംഘടിപ്പിച്ചുവരുന്നു. അപേക്ഷകൾ ഫ്രണ്ട് ഓഫീസ് സംവിധാനത്തിലൂടെ കാര്യക്ഷമമായി തീർപ്പാക്കുന്നതിനായി, സാക്ഷരതാ പ്രേരക്, എസ് സി കോഓർഡിനേറ്റർ എന്നിവരുടെ സഹകരണത്തോടെ ഒരു ഹെൽപ് ഡെസ്ക് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പ്രതിമാസ പ്രവർത്തനാവലോകനത്തിനായി ജീവനക്കാരുടെയും, നിർവ്വഹണോദ്യോഗസ്ഥരുടെയും മീറ്റിംഗ്, സ്റ്റിയറിംഗ് കമ്മറ്റി മീറ്റിംഗ് എന്നിവ വിളിച്ചുചേർക്കുന്നുണ്ട്. മനേജ്മെന്റ് റിവ്യൂ മീറ്റിംഗ്, ഫ്രണ്ട് ഓഫീസ് മനേജ്മെന്റ്, കംപ്ലയിന്റ് ഹാൻഡിലിംഗ് തുടങ്ങി പതിനഞ്ചോളം ഇനങ്ങൾക്കായി സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ(എസ്.ഒ.പി) തയ്യാറാക്കിയിട്ടുള്ളത് പഞ്ചായത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പ്രവർത്തനം സംബന്ധിച്ച് നടത്തിയ പൗരസർവ്വേയിലെ നിർദ്ദേശങ്ങൾക്കും വിമർശനങ്ങൾക്കും അനുസരിച്ച് മാറ്റങ്ങൾ വരുത്താൻ പഞ്ചായത്ത് തയ്യാറായിട്ടുണ്ട് എന്ന് പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. കുറ്റമറ്റ ഫയലിംഗ് സംവിധാനവും നിലവിലുണ്ട്.

മരാമത്ത് പ്രവൃത്തികളുടെ താഴെ പറയുന്ന ഫയലുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. 1)പ്രൊജക്ട് നം 167/19 കുളക്കാട്ട് പാടം കുന്നുവഴി തോട് നവീകരണം 2)പ്രൊജക്ട് നം 206/16 കുളക്കാട്ട് പാടം കുന്നുവഴി തോട്. വിജിലൻസ് പരിശോധകരുടെ കൈവശമായതിനാലാണ് ഫയൽ ലഭ്യമാക്കാൻ സാധിക്കാത്തതെന്ന് മരാമത്ത് വിഭാഗം മറുപടി നൽകി.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.07.2019 | 01.05.2019 to 30.06.2019 | റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.11.2010 | 2005-06 to 2009-10 | 08.01.2011 |

# 1-12 സാക്ഷരതാ മിഷനിൽ നിന്ന് ലഭിക്കാനുള്ള കുടിശ്ശിക -വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല

സാക്ഷരതാ പ്രേരക്മാർക്ക് ഹോണറേറിയം ഇനത്തിൽ 01-7-13 മുതൽ 31-12-16 വരെ 377400/- രൂപയും, പുതുക്കിയ നിരക്കനുസരിച്ച് 1-7-17 പ്രാബല്യത്തിൽ പ്രതിമാസം 12000/ രൂപാ നിരക്കിൽ 128814 രൂപയും ഉൾപ്പെടെ ആകെ 506214/ രൂപ തനത് ഫണ്ടിൽ നിന്ന് നൽകിയത് സാക്ഷരതാ മിഷനിൽ നിന്ന് തിരികെ ലഭിക്കാനുള്ളതായി 10-4-18 ലെ 1-ാം നം കമ്മറ്റിതീരുമാനമായി മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിൽ 4-5-17 ചെക്ക് നം.509094 പ്രകാരം 265560/- രൂപ

തിരികെ ലഭിച്ചിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം 2 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. ടി ഇനത്തിൽ 240654/- രൂപ ഇനിയും ലഭിക്കാനുണ്ട്. എന്നാൽ പഞ്ചായത്ത് തയ്യാറാക്കിയ വാർഷികകണക്കിൽ ഈ തുക ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. സാക്ഷരതാമിഷനിൽനിന്നും തുക തിരികെ ലഭിക്കാനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

# 1- 13 തൊഴിൽ നികുതി ഈടാക്കാത്തത്

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപനങ്ങളുടെ തൊഴിൽ നികുതി എന്നിവ ഈടാക്കാത്തത് സംബന്ധിച്ച്.

(1) താഴെപ്പറയുന്ന സ്ഥാപനങ്ങളില ജീവനക്കാരുടെ തൊഴിൽ നികുതി/ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | ഈടാക്കാത്തത് | അർദ്ധ വർഷം |
|---|---|---|---|
| 1 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലി., തെക്കേ വാഴക്കുളം | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 2 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലി., ചെമ്പറക്കി ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 3 | വാഴക്കുളം സർവ്വീസ് സഹകരണ ബാങ്ക് ലി., തടിയിട്ടപറമ്പ് എക്സ്റ്റൻഷൻ ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 4 | മാറംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി., മാറംപള്ളി | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 5 | മാറംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി., മുടിക്കൽ ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 6 | മാറംപള്ളി സർവ്വീസ് സഹകരണ ബാങ്ക് ലി., പള്ളിക്കവല ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 7 | സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, മുടിക്കൽ ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 8 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, ഇലക്ട്രിക്കൽ സെക്ഷൻ, മുടിക്കൽ | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 9 | ഫെഡറൽ ബാങ്ക്, മാറംപള്ളി ബ്രാഞ്ച് | സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 10 | തെക്കേ ഏഴിപ്രം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 11 | മുടിക്കൽ ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 12 | മലയിടംതുരുത്ത് ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 13 | മഞ്ഞപ്പെട്ടി ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |
| 14 | തെക്കേ വാഴക്കുളം ക്ഷീരോല്പാദക സഹകരണ സംഘം | ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി | 1, 2 |

(2) 2018-19 ൽ ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് എടുത്തിരിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. പ്രസ്തുത ലൈസൻസ് അപേക്ഷയിൽ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം അപേക്ഷകൻ തന്നെ പ്രസ്താവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകന്റെ പേര് | സ്ഥാപനത്തിന്റ പേര് | ലൈസൻസ് നം. | ജീവന ക്കാരുടെ എണ്ണം |
|---|---|---|---|---|
| 1 | ശ്രീ. ഷഹീര് എം.എ, മൂക്കട, മുടിക്കൽ പി.ഒ | ചന്ദ്രിക പ്ലൈവുഡ്സ് | 77/18-19 | 20 |
| 2 | ശ്രീ. മുഹമ്മദ് എം.എ, ആലങ്ങായി, അല്ലപ്ര | സ്റ്റാർ വുഡ് ഇൻഡസ്ട്രീസ് | 82/18-19 | 20 |
| 3 | ശ്രീ. കെ.എം. ഉസ്മാൻ, വടക്കനേത്തിൽ, മാറംപള്ളി | പ്രീമിയർ ടിംബർ സപ്ലൈസ് | 91/18-19 | 20 |
| 4 | ശ്രീ. അബ്ദുൾ കരീം പി.എം, പണിക്കരുപറമ്പിൽ, മുടിക്കൽ പി.ഒ | ഫാത്തിമ വിനീർസ് | 94/18-19 | 14 |
| 5 | ശ്രീ. അനസ് പി.എ, പണിക്കരുപറമ്പിൽ, മുടിക്കൽ പി.ഒ | സീക്കോ പ്ലൈവുഡ് ഇൻഡസ്ട്രീസ് | 95/18-19 | 14 |
| 6 | ശ്രീ. ഷിഹാബുദ്ദീൻ ടി.കെ, തുരുത്തുമ്മൽ, എടത്തല പി.ഒ | വർഷ പോളിമേഴ്സ് | 118/18-19 | 10 |
| 7 | ശ്രീ. അഷറഫ് കെ.എ, പണിക്കരുപറമ്പിൽ, മുടിക്കൽ പി.ഒ | റോളക്സ് ബോർഡ്സ് | 128/18-19 | 12 |
| 8 | ശ്രീ. അൻവർ വി.എം, വെട്ടത്തുകുടി, പെരുമ്പാവൂർ പി.ഒ | ഏദൻ പ്ലൈവുഡ് | 166/18-19 | 10 |
| 9 | ശ്രീ. ഷിഫാസ് ടി.ഇ, തേനൂർ, മുടിക്കൽ പി.ഒ | ബ്ലൂബെൽ വാട്ടർ സൊല്യൂഷൻ | 176/18-19 | 9 |
| 10 | ശ്രീ. അനസ് എം.എച്ച്, മുണ്ടക്കൽ, മുടിക്കൽ പി.ഒ | വീനസ് പ്ലൈ ആന്റ് ബോർഡ്സ് | 217/18-19 | 20 |
| 11 | ശ്രീ. അബ്ദുൾ സലാം, പറയൻകുടി, മുടിക്കൽ പി.ഒ | പി.എ ബോർഡ്സ് | 242/18-19 | 30 |
| 12 | ശ്രീ. ദിൽഷാദ് എൻ.എ, നെല്ലിക്കാപ്പിള്ളി, മുടിക്കൽ പി.ഒ | ഇറ്റാലിയ ഇൻഡസ്ട്രീസ് | 264/18-19 | 12 |
| 13 | ശ്രീ. അബ്ദുൾ ഗഫൂർ എം.എ, മാമ്പിള്ളി, മുടിക്കൽ പി.ഒ | മാമ്പിള്ളി പ്ലൈവുഡ് ഇൻഡസ്ട്രീസ് | 280/18-19 | 50 |
| 14 | ശ്രീ. മുഹമ്മദ് റഫീക്ക് എം.എ, മാമ്പിള്ളി, മുടിക്കൽ പി.ഒ | സോളാർ പ്രോഡക്ട്സ് | 282/18-19 | 20 |
| 15 | ശ്രീ. അബ്ദുൾ അർഷാദ് എം.കെ, മുണ്ടക്കൽ, മുടിക്കൽ പി.ഒ | അറഫ വുഡ് പ്രോഡക്ട്സ് | 439/18-19 | 19 |
| 16 | ശ്രീ. കെ.എ അലി, കുട്ടിക്കത്തോട്ടത്തിൽ, ഏഴിപ്രം | ഫാത്തിമ വുഡ് ഇൻഡസ്ട്രീസ് | 549/18-19 | 10 |
| 17 | ശ്രീമതി. സുഹറ അലിയാർ, മേനോക്കുടി, മുടിക്കൽ പി.ഒ | കുറ്റി പ്ലൈ | 726/18-19 | 25 |
| 18 | ശ്രീ. എം.കെ അലിയാർ, | കുറ്റിപ്പുഴ വുഡ് | 627/18-19 | 25 |

| | മോനോക്കുടി, മുടിക്കൽ പി.ഒ | പ്രോഡക്ട്സ് | | |
|---|---|---|---|---|

തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുന്നതിനായി 25.09.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10 ന് തൊഴിൽ നികുതി ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 ജങ്കാർ സർവ്വീസ് ലേലം നടപടികൾ പൂർത്തിയായില്ല

ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്തിലെ കോവിലകം കടവും വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ മഞ്ഞപ്പെട്ടി കടവും തമ്മിൽ ബന്ധിപ്പിക്കുന്ന കോവിലകം-മഞ്ഞപ്പെട്ടി ജങ്കാർ സർവ്വീസ് 2018-19, 2019-20 (01.04.2018 മുതൽ 31.03.2020 വരെ) 2 വർഷ കാലയളവിലേക്ക് ലേലം ചെയ്യുവാനുള്ള അവകാശം വാഴക്കുളം ഗ്രാമപഞ്ചായത്തിനാണെന്നും തുടർ നടപടിക്രമങ്ങൾ ആരംഭിക്കേണ്ടതാണെന്ന വിവരവും ശ്രീമൂലനഗരം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 23.03.2018 ലെ എ3-1487/18 നമ്പർ കത്ത് പ്രകാരം വാഴക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചു. ഇതുപ്രകാരം വാഴക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 28.03.2018 ലെ ബി1-2801/18 ലേലം/ക്വട്ടേഷൻ നോട്ടീസ് പ്രകാരം 10.04.2018-നും, 04.06.2018 ലെ ബി1-2801/18 ലേലം/ക്വട്ടേഷൻ നോട്ടീസ് പ്രകാരം 12.06.2018-നും, 18.06.2018 ലെ ബി1-2801/18 ലേലം/ക്വട്ടേഷൻ നോട്ടീസ് പ്രകാരം 02.07.2018-നും പഞ്ചായത്ത് കോൺഫ്രൻസ് ഹാളിൽ വച്ച് ലേലം ചെയ്ത് കൊടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഫയൽ പരിശോധിച്ചതിൽ 12.06.2018 ൽ നടത്തിയ ലേലത്തിന്റെ ലേല ഡയറിയിൽ ലേലത്തിൽ പങ്കെടുക്കുവാൻ ആരും എത്തിയില്ല എന്ന വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് തീയതികളിലെ ലേല നടപടികളെ സംബന്ധിച്ച വിവരങ്ങൾ ഫയലിൽ നിന്നും ലഭ്യമല്ല. നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കോവിലകം-മഞ്ഞപ്പെട്ടി ജങ്കാർ സർവ്വീസിന്റെ ലേല നടപടികളുടെ വിവരം ഓഡിറ്റിന് ലഭ്യമാക്കുന്നതിനായി 26.09.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.16 ന് ലേലം കൈക്കൊള്ളാൻ ആരും തയ്യാറായിട്ടില്ലെന്നും, ടി വിവരം ഭരണസമിതിയെ അറിയിച്ചിട്ടുള്ളതാണെന്നും, ലേലം കൈക്കൊള്ളാതെ ആരെങ്കിലും പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ നടപടിയെടുക്കുമെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ജങ്കാർ/ഫെറി സർവ്വീസുകളുടെ ബോട്ടുകൾക്ക് സർവ്വീസ് നടത്താനായി ഇൻസ്പെക്ടർ ഓഫ് ബോട്ട്സിൽ നിന്നുള്ള ഫിറ്റ്നസ് സർട്ടിഫിക്കറ്റ് അത്യാവശ്യമാണ്. ലേലം കൈക്കൊള്ളാതെ പഞ്ചായത്തിന്റെ അനുമതിയില്ലാതെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പ്രസ്തുത ജങ്കാർ സർവ്വീസിന് മേല്പറഞ്ഞ അനുമതി പത്രം, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉണ്ടോയെന്നും പരിശോധിച്ചിട്ടില്ല. മഞ്ഞപ്പെട്ടി ഫെറി സർവ്വീസ് പഞ്ചായത്തിന്റെ അനുമതിയോടെ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ തുടർ നപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 സാംഖ്യ രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിൽ 21.02.2019 ൽ ഉപയോഗിച്ച 4532139 മെഷിൻ നമ്പറിലുള്ള സാംഖ്യ രസീതിന് ശേഷമുള്ള 4532140 മുതൽ 4532177 വരെ നമ്പരുകളിലുള്ള രസീതുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഈ ഓഫീസിലെ ISO/FR/05 നമ്പരിലുള്ള ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ പ്രകാരം 4532139 മുതൽ 4531500 വരെയുള്ള നമ്പറുകളിലുള്ള സാംഖ്യ രസീതുകൾ 21.02.2019ൽ ഈ ഓഫീസിലെ സീനിയർ ക്ലാർക്കായ ശ്രീമതി. ഷിഷിന എം.കെ. കൈപ്പറ്റിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം. 17 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രസീതുകൾ പരിശോധനയ്ക്ക് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വായനശാല പുനരുദ്ധാരണം - ₹277619/- യുടെ ചെലവ് തടസ്സം

പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത യുവതരംഗം വായനശാല എന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണം 2018-19ൽ നടത്തിയിട്ടുണ്ട്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്ടിന്റെ പേര് | യുവതരംഗം വായനശാല പുനരുദ്ധാരണം |
| പ്രോജക്ട് നം | S0085/19 |
| അടങ്കൽ | 278377/- തനത് ഫണ്ട് |
| ചെലവ്,<br>ചെക്ക് നമ്പർ | 277619/-<br>398160/27.3.2019 |
| കരാറുകാരൻ | എ ജെ ഷാജഹാൻ |
| നിർവഹണം | അസി:എഞ്ചിനീയർ |

വാർഡ് നമ്പർ 14 ലെ വായനശാലയുടെ തറ ടൈൽ വിരിക്കലും ഇതര അറ്റകുറ്റപ്പണികളും ആണ് പ്രൊജക്ടിന്റെ ഭാഗമായി ചെയ്തിട്ടുള്ളത്. പ്രാഥമിക പരിശോധനയിൽ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ പ്രസ്തുത വായനശാല ഉൾപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്ത കെട്ടിടത്തിന്റെ അറ്റകുറ്റപ്പണി ചെയ്തത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 23.9.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 8) മറുപടി നൽകിയില്ല. ചട്ട വിരുദ്ധമായി തുക ചെലവഴിച്ചത് സംബന്ധിച്ച് പരിശോധിച്ച് അനന്തര നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്

## 1-17 സർക്കാർ സ്കൂളുകളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്

വാഴക്കുളം യു.പി.സ്കൂൾ, യു.പി.സ്കൂൾ നോർത്ത് ഏഴിപ്രം, ജി.എൽ.പി.എസ്.വാഴക്കുളം എന്നീ 3 സർക്കാർ സ്കൂളുകളാണ് ഗ്രാമപഞ്ചായത്തിലുള്ളത്. ഈ സ്കൂളിലെ കുട്ടികളുടെ എണ്ണം യഥാക്രമം 325,

367, 240 എന്നിങ്ങനെയാണ്. സ്കൂളുകളുടെ പഠനനിലവാരത്തോടൊപ്പം, പൊതുവിദ്യാഭ്യാസ സംരക്ഷണം ലക്ഷ്യമാക്കി ഭരണസമിതി, അദ്ധ്യാപകർ, പി.റ്റി.എ. എന്നിവരുടെ കൂട്ടായ പ്രവർത്തനങ്ങളുടെ ഫലമായാണ് ഈ വിദ്യാലയങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധിച്ചിട്ടുള്ളത്. സ്മാർട്ട് ക്ളാസ്സ് റൂം, കംപ്യൂട്ടറുകൾ, ലൈബ്രറി, റീഡിംഗ് കോർണറുകൾ, ഗണിതലാബ്, സ്പോർട്സ് ഉപകരണങ്ങൾ, സ്കൂൾ ബസ് തുടങ്ങിയ സൗകര്യങ്ങൾ സ്കൂളുകളിൽ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുട്ടികളുടെ എണ്ണം വർദ്ധിക്കുന്നതനുസരിച്ചുള്ള ക്ളാസ്സ് റൂം സൗകര്യങ്ങൾ അപര്യാപ്തമാണ്. വാഴക്കുളം യു.പി.സ്കൂളിന് കെട്ടിട നിർമ്മാണത്തിനായി ഒരു കോടി രൂപ എം എൽ എ ഫണ്ടിൽ നിന്ന് ലഭിച്ചിട്ടുണ്ടെങ്കിലും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. സൗകര്യങ്ങൾ ഇല്ലാത്ത പഴയൊരു മുറിയിലാണ് നിലവിലെ പാചകപ്പുര. പുതിയ നിർമ്മാണപ്രവർത്തനങ്ങളിൽ സൗകര്യപ്രദമായ അടുക്കളയും, സ്റ്റോറും, ഊണ് മുറിയും ഉൾപ്പെടുത്തേണ്ടതാണ്. നോർത്ത് ഏഴിപ്രം യു.പി.സ്കൂൾ കെട്ടിടത്തിന് സ്ഥലപരിമിതിയുണ്ട്. അടുക്കള ഇടുങ്ങിയതാണ്. ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള അലമാരകൾ ഇല്ലാത്തതിനാൽ പുസ്തകങ്ങൾ കെട്ടുകളായി സൂക്ഷിച്ചിരിക്കുകയാണ്. സ്കൂൾ കെട്ടിടം പെയിന്റ് ഇളകിയ നിലയിലാണ്. സ്കൂളിന് കൂടുതൽ ക്ളാസ്സ് മുറികളും, സ്റ്റോറേജ് സൗകര്യത്തോടുകൂടിയ അടുക്കളയും ആവശ്യമാണ്. വാഴക്കുളം ജി.എൽ.പി.സ്കൂളിൽ ഈവർഷം കൂടുതൽ കുട്ടികൾ പ്രവേശനം നേടിയതിനാൽ 3 ക്ളാസ്സ് റൂമുകൾ താൽക്കാലിക സൗകര്യത്തിലാണ് പ്രവർത്തിക്കുന്നത്. സ.ഉ.കൈ.നം.11 2018തസ്വഭവ. തീ.29-1-18, 7.6 (5)ൽ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ ഭൗതികസൗകര്യങ്ങൾ, ഒരുക്കി കൊടുക്കുന്നതിനൊപ്പം അടുക്കള, അടുക്കളയോട് ചേർന്ന് സംഭരണമുറി എന്നിവ ഏർപ്പെടുത്തുന്നതിന് ഉയർന്നപരിഗണന നൽകുക, (6) ൽ സ്കൂളുകളിൽ ഫർണ്ണിച്ചർ ലഭ്യമാക്കുക, (10) ൽ എൽ പി സ്കൂളുകളിലെ പശ്ചാത്തല വികസനം ജില്ലാ/ ബ്ളോക്ക് പഞ്ചായത്ത് സഹകരണത്തോടെ നടപ്പാക്കുക എന്നും വ്യക്തമാക്കിയിട്ടുണ്ട്. പൊതുവിദ്യാലയങ്ങളുടെ മികവിനായി ഗ്രാമപഞ്ചായത്ത് നടത്തുന്ന പ്രവർത്തനങ്ങൾ പ്രശംസനീയമാണ്. അതോടൊപ്പം തന്നെ ഭൗതികസൗകര്യങ്ങളും മികച്ചതാക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.

# 1-18 അനുപൂരക പോഷകാഹാരം- വിതരണത്തിന് മുൻപ് ഗുണനിലവാരം ഉറപ്പ് വരുത്തുന്നില്ല

സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18.02.2010 ലെ ഐ സി ഡി എസ് ബി3-312/2010 നമ്പർ കത്തിൽ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽ വീതം ന്യൂട്രി മിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന് നിർദ്ദേശിച്ചിരുന്നു. ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധന നടത്തി ഗുണനിലവാരം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി കാണുന്നില്ല. പരിശോധനയ്ക്കായി സാമ്പിൾ ചെന്നൈ ലാബിലേക്ക് അയയ്ക്കുകയാണ് ചെയ്തുവരുന്നത് എന്നാണ് ഐ സി ഡി എസ് സൂപ്പർവൈസർ അറിയിച്ചത്. എന്നാൽ ഭക്ഷ്യമിശ്രിതം വിതരണം ചെയ്യുന്നതിന് മുൻപ് പരിശോധനാഫലം ലഭ്യമാകാറില്ല. അതിനാൽ തന്നെ ഈ നിർദ്ദേശത്തിന്റെ ഉദ്ദേശ്യം മാസങ്ങൾക്ക് ശേഷം ലഭിക്കുന്ന പരിശോധനാഫലം കൊണ്ട്

നിറവേറ്റപ്പെടുന്നുമില്ല. യഥാസമയം ഗുണനിലവാരം ഉറപ്പ് വരുത്തി മാത്രം ഭക്ഷ്യമിശ്രിതം വിതരണം ചെയ്യാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

# 1-19 സ്കൂളുകൾക്ക് സംഗീത ഉപകരണങ്ങൾ -അപാകതകൾ

| | |
|---|---|
| നിർവ്വഹണം | എച്.എം.<br>ഗവ.സ്കൂൾ വാഴക്കുളം |
| പ്രോ.നം/ പേര് | 262/19, സ്കൂളിലേയ്ക്ക് സംഗീത ഉപകരണങ്ങൾ |
| അടങ്കൽ | 43970 |
| ചെലവ് | ബിൽ നം.20/43970/19-3-19 |

മേൽ പദ്ധതിയിൽ വാഴക്കുളം സർക്കാർ യു പി സ്കൂളിലേയ്ക്ക് താഴെ പറയുന്ന സംഗീത ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട് .

ഗഞ്ചീറ -2, ശ്രുതിപ്പെട്ടി-2, കബാസ്- 3, ജലര -3, ബോംഗോസ് -3, മൌത് ഓർഗൻ- 3, കീ ബോർഡ് - 1,
ചെണ്ട -1,ഫ്ളൂട്ട് -11

മേൽ പറഞ്ഞ ഉപകരണങ്ങളിൽ പ്രാവീണ്യമുള്ള സംഗീതാധ്യാപകർ സ്കൂളിൽ നിലവിൽ ഇല്ല. കീബോർഡ്, ബോംഗോസ് പോലുള്ള ഉപകരണങ്ങൾ മതിയായ പരിശീലനം ഉണ്ടെങ്കിൽ മാത്രം ഉപയോഗിക്കാൻ കഴിയുന്നവയാണ്. മുൻവർഷങ്ങളിൽ ഇത്തരം ഉപകരണങ്ങളിൽ പരിശീലനംനൽകിയിട്ടില്ല എന്നാണ് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ പറയുന്നത്. കുട്ടികളുടെ പഠന നിലവാരം, സർഗ്ഗശേഷി എന്നിവ വികസിപ്പിക്കുന്ന പദ്ധതികൾ ആവിഷ്കരിക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും, അടിസ്ഥാന സൗകര്യവികസനത്തിന് മുൻതൂക്കം നൽകണമെന്നും സ.ഉ.കൈ.നം.11 2018തസ്വഭവ, തീ.29-1-18 ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. മേൽ ഉത്തരവിലെ ഖ.7.6 (5) ൽ സ്കൂൾ ഉച്ചഭക്ഷണപദ്ധതിയുടെ ഭൗതികസൌകര്യങ്ങൾ, ഒരുക്കി കൊടുക്കുന്നതിനൊപ്പം അടുക്കള, അടുക്കളയോട് ചേർന്ന് സംഭരണമുറി എന്നിവ ഏർപ്പെടുത്തുന്നതിന് ഉയർന്നപരിഗണന നൽകുക, (6) ൽ സ്കൂളുകളിൽ ഫർണ്ണിച്ചർ ലഭ്യമാക്കുക, (10) ൽ എൽ.പി. സ്കൂളുകളിലെ പശ്ചാത്തല വികസനം ജില്ലാ/ബ്ളോക്ക് പഞ്ചായത്ത് സഹകരണത്തോടെ നടപ്പാക്കുക എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവൽസരപദ്ധതിയിലെ വാർഷികപദ്ധതികൾ തയ്യാറാക്കാൻ തദ്ദേശസ്വയംഭരണസ്ഥാപനം തയ്യാറാക്കുന്ന അവസ്ഥാരേഖയിൽ (സ്റ്റാറ്റസ് റിപ്പോർട്ട്) പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായിട്ടാവണം പ്രോജക്ടുകൾക്ക് രൂപം നൽകേണ്ടതെന്നും(ഖ.2.3.(6))ഓരോ വികസനമേഖല നേരിടുന്ന വെല്ലുവിളികൾ, അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള പരിഹാരമാകണം പ്രോജക്ടുകൾ എന്ന് ഖ.3.12.(സി)(1)(i) ലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ വികസനമേഖലയിലെ പ്രശ്നങ്ങൾ വിലയിരുത്തി വിശദമായി തയ്യാറാക്കിയ അവസ്ഥാരേഖയുടെ (സ്റ്റാറ്റസ് റിപ്പോർട്ട്) അഭാവമാണ്, ശരിയായ മുന്നൊരുക്കമില്ലാതെ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാനിടയായത്. ഗ്രാമപഞ്ചായത്തിലെ

സർക്കാർ സ്കൂളുകളുടെ ഭൌതികനിലവാരം മെച്ചപ്പെടുത്തുന്ന പ്രവർത്തനങ്ങൾ ഇനിയും ഏറെ മുന്നോട്ട് പോകാനുണ്ട് എന്നിരിക്കെ പ്രത്യേകലക്ഷ്യമൊന്നുമില്ലാതെ സംഗീതോപകരണങ്ങൾ വാങ്ങി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. വാങ്ങിയ ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനും, മാർഗനിർദ്ദേശങ്ങളിൽ പറയാത്ത പദ്ധതികൾക്കായി പ്ളാൻ ഫണ്ട് ഉപയോഗിക്കാതിരിക്കാനും ശ്രദ്ധിക്കേണ്ടതാണ്.

# 1-20 വീട് വാസയോഗ്യമാക്കൽ-അനുവദിക്കുന്നത് പരിമിതമായ തുക

2018-19 വർഷം വി.ഇ.ഒ. നിർവ്വഹണോദ്യോഗസ്ഥനായി വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ നടപ്പിലാക്കിയിട്ടുള്ള പ്രോജക്ടുകളുടെ വിവരം താഴെക്കൊടുക്കുന്നു.

| പ്രോജക്ട് നം. | S054/19 | S0136/19 |
|---|---|---|
| പ്രോജക്ടിന്റെ പേര് | വീട് വാസയോഗ്യമാക്കൽ -ജനറൽ | വീട് വാസയോഗ്യ മാക്കൽ(എസ് സി) |
| അടങ്കൽ | 25,00,000/- (വികസനഫണ്ട് സാധാരണം-15,00,000/-, തനത് ഫണ്ട് 10,00,000/-) | 30,00,000/- (എസ് സി പി 2985700/-, തനത് ഫണ്ട് 14300/-) |
| ചെലവ് | 1787500/- | 2281611/- |
| നിർവ്വഹണം | വി.ഇ.ഒ. വാഴക്കുളം | വി.ഇ.ഒ. മഞ്ഞപ്പെട്ടി |

മേൽ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പൊതു വിഭാഗത്തിന് 25,000/-രൂപ, പട്ടികജാതി വിഭാഗത്തിന് 50,000/- എന്നിങ്ങനെയാണ് ഭവന പുനരുദ്ധാരണത്തിന് തുക അനുവദിച്ചിരിക്കുന്നത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ 2018-19 വാർഷിക പദ്ധതി സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ. (എം എസ്) നമ്പർ 80/2017 തസ്വ ഭ വ, തീയതി 03.04.2017 പ്രകാരം 1,00,000/-രൂപ വരെ ജനറൽ വിഭാഗത്തിനും, 1,50,000/-രൂപ വരെ എസ് സി വിഭാഗത്തിനും വീട് വാസയോഗ്യമാക്കുന്നതിന് ധനസഹായം നൽകാവുന്നതാണ്. എന്നാൽ എഞ്ചിനീയർ 60000/- രൂപയിൽ അധികം വാല്വേഷൻ നൽകിയിരിക്കുന്ന പ്രവൃത്തികൾക്ക് പോലും ആനുകൂല്യം 25,000/-രൂപയായി നിജപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. എസ് സി ഗുണഭോക്താക്കൾക്കും 96,840/- രൂപ വാല്യുവേഷൻ എഞ്ചിനിയർ നൽകിയിട്ടും 50,000/-രൂപയിൽ ആനുകൂല്യം നിജപ്പെടുത്തിയിരിക്കുന്നു. നിർമ്മാണ വസ്തുക്കളുടെ വിലയും, ഉയർന്ന കൂലിച്ചെലവും പരിഗണിക്കുമ്പോൾ 25,000/-രൂപ എന്നത് അപര്യാപ്തമായ തുകയാണ്. 1,00,000/- രൂപ വരെ ആനുകൂല്യത്തിന് അർഹതയുണ്ടെന്നിരിക്കെ, കൂടുതൽ ഗുണഭോക്താക്കളെ പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ വേണ്ടി കുറഞ്ഞ നിരക്കിൽ ആനുകൂല്യം അനുവദിച്ച് പദ്ധതി നടപ്പിലാക്കിയപ്പോൾ അർഹമായതിന്റെ ചെറിയ ഒരു ശതമാനം തുക മാത്രം ലഭ്യമാക്കുകയും പിന്നീട് ഈ

ആനുകൂല്യത്തിനുള്ള അർഹത നഷ്ടമാകുകയും ചെയ്യുന്ന എന്നുള്ളത് ഇത്തരത്തിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന്റെ മറ്റൊരു ദൂഷ്യവശമാണ്. ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വീടുകൾ സന്ദർശിച്ചതിൽ ഇനിയും ഒരുപാട് അറ്റകുറ്റപ്പണികൾ ആവശ്യമാണെന്ന് കാണുന്നു. പഞ്ചായത്ത് ലഭ്യമാക്കിയ തുക ഉപയോഗിച്ച് യഥാർത്ഥത്തിൽ ചെയ്യേണ്ട പ്രവൃത്തികളുടെ ചെറിയ ഒരു ഭാഗം പോലും പൂർത്തീകരിക്കാൻ ഗുണഭോക്താവിന് കഴിയുന്നുമില്ല. പരമാവധി ധനസഹായം അനുവദിക്കേണ്ടതാണെന്ന് വർക്കിംഗ് ഗ്രൂപ്പിൽ ആവശ്യപ്പെട്ടതായി മിനിറ്റ്സിൽ കാണുന്നു. പക്ഷേ ജനറൽ വിഭാഗത്തിന് 25,000/-, എസ്.സി.വിഭാഗത്തിന് 50,000/- എന്നിങ്ങനെയാണ് പദ്ധതിയിൽ ഒരു ഗുണഭോക്താവിന് തുക വകയിരുത്തിയതും അനുവദിച്ച് നൽകിയതും. സർക്കാർ അനുമതി നൽകിയിരിക്കുന്ന നിരക്കിൽ ധനസഹായം നൽകുകയാണെങ്കിൽ ഈ ഗുണഭോക്താക്കൾക്ക് മെച്ചപ്പെട്ട രീതിയിൽ വീട് വാസയോഗ്യമാക്കാൻ കഴിയുമായിരുന്നു. അർഹത വിലയിരുത്തി വീട് വാസയോഗ്യമാക്കൽ പോലെയുള്ള പദ്ധതികൾ കാര്യക്ഷമമായി പൂർത്തീകരിക്കും വിധത്തിൽ നടപ്പിലാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണെന്ന കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-21 സ്കൂൾ വിദ്യാർത്ഥികളുടെ മികവ് മാഗസിൻ -കുട്ടികളുടെ പങ്കാളിത്തം കുറവ്

| | |
|---|---|
| പ്രോ.നം/ പേര് | 37/19 – സ്കൂൾ വിദ്യാർത്ഥികളുടെ മികവ് മാഗസിൻ |
| **അടങ്കൽ** | 70000/- |
| ചെലവ് | 70000/ബിൽ നം .19/19-3-19 |

ഗ്രാമപഞ്ചായത്തിനു കീഴിലുള്ള 3 സർക്കാർ യു.പി.സ്കൂളുകളിലെ കുട്ടികളുടെ സർഗാത്മക രചനകൾ ഉൾപ്പെടുത്തിയാണ് 'കോലുമിഠായി 'എന്ന മാഗസിൻ തയ്യാറാക്കിയിരിക്കുന്നത്. കേരള സ്റ്റേറ്റ് സി.ആപ്റ്റ്, ആലുവ എന്ന സ്ഥാപനത്തിന് 400 മാഗസിൻ പ്രിന്റ് ചെയ്യുന്നതിന് 54000/-(GST അടക്കം) രൂപയും, ലേ ഔട്ട് & കവർ ഡിസൈൻ ചെയ്യുന്നതിനായി 16000/- രൂപയും പ്രോജക്ടിനായി ചെലവഴിച്ചിട്ടുണ്ട്.

എന്നാൽ 29-1-18ലെ 11/18 തസ്വഭവ സർക്കാർ ഉത്തരവ്,14-2-18 ലെ 22/18-ാം നം ഉത്തരവ് എന്നിവയിലെ മാർഗ്ഗ നിർദേശങ്ങൾ പ്രകാരം(7.6.2) വിദ്യാഭ്യാസ മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്താനും, പൊതുവിദ്യാലയങ്ങളിൽ കുട്ടികളുടെ എണ്ണം കൂട്ടുന്നതിനുതകുന്ന പ്രോജക്ടുകളാകണം എന്നും നിഷ്കർഷിച്ചിട്ടുണ്ട് (7.6.4) ൽ വിദ്യാർത്ഥികളുടെ സർഗാത്മകശേഷികൾ വികസിപ്പിക്കുന്ന പരിശീലനം സംഘടിപ്പിക്കാനും, ഗവേഷണാത്മക പ്രോജക്ടുകൾ എസ്.എസ്.എ., ആർ.എം.എസ്.എ. വിദ്യാഭ്യാസ വകുപ്പ് എന്നിവയുടെ ആവർത്തനമല്ല എന്ന് ഉറപ്പുവരുത്തിയശേഷം നടപ്പാക്കാവുന്നതാണ്. എന്നാൽ സ്കൂൾ മാഗസിൻ പ്രസിദ്ധീകരണം എന്നത് മാർഗ്ഗരേഖ പ്രകാരം നടപ്പാക്കാൻ കഴിയുന്ന പദ്ധതിയല്ല. കുട്ടികളുടെ രചനകൾ ഉൾപ്പെടുത്തി, കുട്ടികൾ തന്നെ എഡിറ്റ്

ചെയ്ത് തയ്യാറാക്കുന്ന കൈയ്യെഴുത്ത് മാസിക തന്നെ തയ്യാറാക്കാമെന്നിരിക്കെ പ്രിന്റിംഗ് & ലേ ഔട്ടിനായി വലിയ തുക ചെലവഴിച്ചാണ് മാഗസിൻ തയ്യാറാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.6 ന് നിർവ്വഹണോദ്യോഗസ്ഥ നൽകിയ മറുപടിയിൽ കുട്ടികളുടെ സർഗാത്മകശേഷി വികസിപ്പിക്കുന്ന എന്നതിനാലും, പൊതുവിദ്യാഭ്യാസ സംരക്ഷണം എന്ന ലക്ഷ്യം മുൻനിർത്തിയും നടപ്പാക്കിയ പദ്ധതി എന്ന വിശദീകരണം ഇക്കാരണത്താൽ അംഗീകരിക്കാൻ കഴിയില്ല. മേൽ പ്രോജക്ടിനായി വർക്കിംഗ് ഗ്രൂപ്പിൽ നിന്നും നിർദ്ദേശങ്ങളും ഉണ്ടായിട്ടില്ല. പതിമൂന്നാം പഞ്ചവത്സരപദ്ധതിയുടെ വാർഷികപദ്ധതി രൂപീകരണത്തിന് അടിസ്ഥാനമാകേണ്ട അവസ്ഥാരേഖ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല എന്നതും ഇപ്രകാരം മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് പദ്ധതികൾ തയ്യാറാക്കാൻ കാരണമായിട്ടുണ്ട്. അനുവദനീയമല്ലാത്ത പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പദ്ധതിപണം വിനിയോഗിക്കാതെ വിദ്യാഭ്യാസമേഖലയിലെ അടിസ്ഥാനസൗകര്യവികസനത്തിന് പ്രയോജനപ്പെടുത്തുന്നുവെന്ന് വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയും ഉറപ്പുവരുത്തേണ്ടതാണ്.

# 1-22 കുടിവെള്ള കണക്ഷന് സബ്സിഡി

| | |
|---|---|
| പ്രോജക്ട് നമ്പർ | S0164/2019 |
| പ്രോജക്ടിന്റെ പേര് | കുടിവെള്ള കണക്ഷൻ |
| നിർഹണ ഉദ്യോഗസ്ഥൻ | വി ഇ ഒ |
| അടങ്കൽ തുക | 40,000/-(വികസന ഫണ്ട്-സാധാരണം) |
| ചെലവ് | 10,000/- |
| ബിൽ നമ്പർ | 21/18-19 തീയതി 23.01.2019 തുക 5,000/-<br>25/18-19 തീയതി 15.02.2019 തുക 5,000/- |

വി ഇ ഒ, വാഴക്കുളം നിർവ്വഹണോദ്യോഗസ്ഥനായി 2017-18 ൽ ആരംഭിച്ച മേൽ സ്പിൽ ഓവർ പദ്ധതിയിൽ ഗാർഹിക കുടിവെള്ള കണക്ഷന് 5000/-രൂപ വീതം സബ്സിഡി നൽകിയിട്ടുണ്ട്. ജി ഒ(എം എസ്) നം. 80/2017 ത.സ്വ.ഭ.വ 03.04.2017 പ്രകാരം സർക്കാർ/അർദ്ധസർക്കാർ/എയ്ഡഡ്/ സഹകരണസ്ഥാപനങ്ങൾ എന്നിവയിലെ ജീവനക്കാർ എന്നിവരിലാരെങ്കിലും ഉൾപ്പെടുന്ന കുടുംബങ്ങൾക്ക് സബ്സിഡിക്ക് അർഹതയില്ലാത്തതാണ്. എന്നാൽ ടി പദ്ധതിയിൽ ആനുകൂല്യം കൈപ്പറ്റിയിരിക്കുന്ന മണിദാസ് എൻ പി, നിരവത്ത്, നോർത്ത് ഏഴിപ്രം എന്ന വ്യക്തിയുടെ തൊഴിൽ റേഷൻ കാർഡ് (നം.1738030859) പ്രകാരം ടിയാൻ സംസ്ഥാന സർക്കാർ ജീവനക്കാരൻ ആണ്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി ആനുകൂല്യം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 25.09.2019 ലെ 9-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഗുണഭോക്താവ് കെ.എസ്.ആർ.ടി.സി.യിൽ താൽക്കാലിക ജീവനക്കാരനാണെന്നാണ് അറിയാൻ കഴിഞ്ഞതെന്നും വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും നിർവഹണോദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ വ്യക്തത വരുത്തുന്നത് വരെ 5000/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. അർഹതയില്ലാത്ത പക്ഷം തുക തിരികെ ഈടാക്കേണ്ടതാണ്.

# 1-23 ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്-

## ആനുകൂല്യം മുഴുവൻ നൽകുന്നില്ല

പ്രൊജക്ട് : ഭിന്നശേഷിയുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ്

പ്രൊജക്ട് നം : 7/19

ചെലവഴിച്ച തുക : 1515324 രൂപ (10,56,991/- വികസന ഫണ്ട്, 133333/- – ബ്ളോക്ക് വിഹിതം, 325000/- ജില്ലാ പഞ്ചായത്ത് വിഹിതം).

ഐ സി ഡി എസ് സൂപ്പർവൈസർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടിൽ ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന 94 കുട്ടികൾക്കാണ് സ്കോളർഷിപ്പ് വിതരണം ചെയ്തത്. പ്രതിമാസ സ്കോളർഷിപ്പ് 1000/- രൂപയും പ്രതിമാസ യാത്രാബത്ത 1000/- രൂപയും വസ്ത്രങ്ങൾക്കുള്ള ബത്ത, വിദ്യാഭ്യാസ സാമഗ്രികൾക്കുള്ള ബത്ത എന്നീ ഇനങ്ങളിലെ വാർഷിക ബത്തകളായ യഥാക്രമം 1500/-രൂപ, 2000/-രൂപ എന്നിവയടക്കം 28,500/- രൂപയാണ്. അർഹതയുള്ള മാനസിക വെല്ലുവിളി നേരിടുന്ന ഒരു കുട്ടിക്ക് 22576/- രൂപ മാത്രമാണ് 2018-19 ൽ മേൽ പ്രൊജക്ടിലൂടെ നൽകിയത്. ലഭിക്കേണ്ടിയിരുന്നതിന്റെ 79 ശതമാനം മാത്രമാണ് ലഭിച്ചത്. ശാരീരിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കും ഇത്തരത്തിൽ ലഭിക്കേണ്ടിയിരുന്ന മുഴുവൻ തുകയും ലഭ്യമാക്കിയിട്ടില്ല. പതിമൂന്നാം പദ്ധതി മാർഗ്ഗരേഖ ഉത്തരവിൽ അനുവദിച്ച നിരക്കിൽ സ്കോളർഷിപ്പ് നൽകാൻ ആവശ്യമായ തുക ബജറ്റിലും പ്രൊജക്ട് തയ്യാറാക്കുന്ന വേളയിലും വക കൊള്ളിക്കുന്നില്ല എന്ന് കാണുന്നു. നിലവിലുള്ള കുട്ടികൾക്ക് സ്കോളർഷിപ്പ് ലഭ്യമാക്കാൻ ആകെ 1884688/- രൂപ ആവശ്യമായിരുന്നെങ്കിലും 1515324/-രൂപ മാത്രമാണ് വകയിരുത്തിയത്. അനുവദിച്ച തുക അപര്യാപ്തമാണെന്ന് 22.11.2018ൽ ഐ സി ഡി എസ് സൂപ്പർവൈസർ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ആവശ്യത്തിന് തുക ലഭ്യമാക്കിയിട്ടില്ല. ഭിന്നശേഷിക്കാരായ കുട്ടികളുടെ ക്ഷേമം മുൻ നിർത്തി വിഭാവനം ചെയ്തിരിക്കുന്ന സ്കോളർഷിപ്പ് പൂർണ്ണമായും വിതരണം ചെയ്യുന്നതിന് ആവശ്യമായത്ര തുക വകയിരുത്തുന്നു എന്ന കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

# 1-24 ആദായനികുതി സ്രോതസ്സിൽ നിന്ന് (ടി.ഡി.എസ്) ഈടാക്കിയില്ല

1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194 J പ്രകാരം പ്രൊഫഷണൽ സേവനത്തിന് നൽകുന്ന ഫീസിൽ നിന്നും 10% ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കേണ്ടതാണ്. എന്നാൽ വാഴക്കുളം പ്രൈമറി ഹെൽത്ത് സെന്ററിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ. ആശ അജയനിൽ നിന്നും 2018-19 സാമ്പത്തിക വർഷം നൽകിയിട്ടുള്ള ശമ്പളത്തിൽ നിന്നും ആദായനികുതി സ്രോതസ്സിൽ നിന്നും ഈടാക്കിയിട്ടില്ല. മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, വാഴക്കുളം നടപ്പിലാക്കിയ പ്രോജക്ട് നം. 52/2018-19 പ്രകാരം പി.എച്ച്.സി-ക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ നിന്നും ലഭിച്ച തുകയാണ് ഡോക്ടർക്ക് പ്രതിഫലം നൽകിയിട്ടുള്ളത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോസീഡിംഗ്സ് നം./ ഓർഡർ നം., തീയതി | ജോലി ചെയ്ത മാസം | നൽകിയ ശമ്പളം |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 77/16.07.18 | 5/2018, 6/2018 | 44740 |
| 2 | 102/13.08.18 | 7/2018 | 36250 |
| 3 | 140/19.09.18 | 8/2018 | 36250 |
| 4 | 158/12.10.18 | 9/2018 | 36250 |
| 5 | 174/12.11.18 | 10/2018 | 36250 |
| 6 | 223/12.12.18 | 11/2018 | 36250 |
| 7 | 260/10.01.19 | 12/2018 | 36250 |
| 8 | 318/12.02.19 | 1/2019 | 36250 |
| 9 | 498/23.03.19 | 2/2019 | 36250 |
| **ആകെ** | | | **3,34,740** |

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്തിരുന്ന ഡോ. ആശ അജയനിൽ നിന്നും 33,474/- രൂപ ആദായനികുതി ഈടാക്കിയിട്ടില്ല. ആയതിന് വിശദീകരണം ലഭിക്കുന്നതിനായി 26.09.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 ന് മറുപടി ലഭിച്ചിട്ടില്ല. തുടർ വർഷങ്ങളിൽ ഇത്തരത്തിലുള്ള അപാകത സംഭവിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-25 വീട് വാസയോഗ്യമാക്കൽ -അപാകതകൾ

| പ്രോജക്ട് നം./പേര് | S054/19 വീട് വാസയോഗ്യമാക്കൽ (ജനറൽ) | S0136/19 വീട് വാസയോഗ്യമാക്കൽ (എസ് സി) |
|---|---|---|
| അടങ്കൽ | 25,00,000/- (15,00,000/- വികസന ഫണ്ട് സാധാരണം, 2,87,500/-തനത് ഫണ്ട്) | 30,00,000/- ( 29,85,700/- എസ് സി പി , 14,300/-തനത് ഫണ്ട്) |
| ചെലവ് | 1787500/- | 2281611/- |
| നിർവ്വഹണോദ്യോഗസ്ഥൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വാഴക്കുളം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, മഞ്ഞപ്പെട്ടി |
| ബിൽ നമ്പർ/ ചെക്ക് നമ്പർ | 13/18-19 തീയതി 15.11.2018 തുക 87500/-<br>14/18-19 തീയതി 28.11.2018 തുക 87500/-<br>15/18-19 തീയതി 22.02.2018 തുക 487500/-<br>17/18-19 തീയതി 22.02.2018 തുക 137500/-<br>18/18-19 തീയതി 14.01.2019 തുക 50000/-<br>19/18-19 തീയതി 14.01.2019 തുക 162500/-<br>20/18-19 തീയതി 23.01.2019തുക 187500/-<br>22/18-19 തീയതി 15.02.2019 തുക 25000/-<br>23/18-19 തീയതി 18.02.2019 തുക 1,00,000/-<br>24/18-19 തീയതി 08.02.2019 തുക | 11/18-19 തീയതി 16.10.2018 തുക 50000/-<br>12/18-19 തീയതി 15.11.2018 തുക 100000/-<br>14/18-19 തീയതി 28.11.2018 തുക 175000/-<br>15/18-19 തീയതി 03.12.2018 തുക 225000/-<br>16/18-19 തീയതി 11.12.2018 തുക 175000/-<br>17/18-19 തീയതി 22.12.2018 തുക 75000/-<br>18/18-19 തീയതി 22.12.2018 തുക 125000/-<br>19/18-19 തീയതി 14.01.2019 തുക 225000/-<br>21/18-19 തീയതി 23.01.2019 തുക 1,00,000/-<br>22/18-19 തീയതി 23.01.2019 തുക |

| | | |
|---|---|---|
| | 1,00,000/-<br>27/18-19 തീയതി 15.02.2019 തുക 75000/-<br>0398495 തീയതി 30.03.2019 തുക 50000/-<br>0398159 തീയതി 27.03.2019 തുക 37500/-<br>1752502 തീയതി 19.03.2019 തുക 150000/-<br>1752215 തീയതി 22.02.2019 തുക 50000/- | 1,00,000/-<br>23/18-19 തീയതി 13.02.2019 തുക 200000/-<br>24/18-19 തീയതി 15.02.2019 തുക 125000/-<br>25/18-19 തീയതി 08.03.2019 തുക 250478/-<br>28/18-19 തീയതി 16.03.2019 തുക 200000/-<br>29/18-19 തീയതി 23.03.2019 തുക 106133/-<br>30/18-19 തീയതി 27.03.2019 തുക 50000/- |

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (വാഴക്കുളം), വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മഞ്ഞപ്പെട്ടി) എന്നിവർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകളിൽ ഗുണഭോക്താക്കളുടെ അപേക്ഷകൾ പരിശോധിച്ചതിൽ അപേക്ഷയോടൊപ്പം ചേർത്തിരിക്കുന്ന നികുതി നിർണ്ണയ ഫാറം 6 പ്രകാരം വീടിന്റെ മേൽക്കൂര കോൺക്രീറ്റ് ആണ്. എന്നാൽ എഞ്ചിനിയർ എടുത്തിരിക്കുന്ന വാല്യുവേഷൻ മേൽക്കൂര ഷീറ്റ് മേയുന്ന പ്രവൃത്തിയുടേതാണ്.

S054/19

| പേര്,വിലാസം | വീട്ട് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|
| നബീസ ഷെരീഫ്, തൈപ്പറമ്പിൽ വീട് | V/ 338 | 25,000/- |
| അബ്ദുൾ കരീം, പടിഞ്ഞാക്കരക്കുടി | I / 715 | 25,000/- |
| ഹാജറ കുഞ്ഞാലി, ഐനാലിക്കുടി | XII / 246 | 25,000/- |
| പീതാംബരൻ, തോലേത്ത് | IV/40 | 25,000/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13 തീയതി 25.09.2019) നൽകിയ മറുപടിയിൽ അബ്ദുൾ കരീം, പടിഞ്ഞാക്കരക്കുടി എന്ന ഗുണഭോക്താവിന്റെ വീട് യഥാർത്ഥത്തിൽ ഓട് മേഞ്ഞതാണെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും നികുതി നിർണ്ണയ രജിസ്റ്ററിൽ കോൺക്രീറ്റ് എന്ന് കാണുന്നതിനാൽ അപാകത പരിഹരിച്ച് രേഖകൾ ഹാജരാക്കേണ്ടതാണ്. മറ്റ് ഗുണഭോക്താക്കളുടെ വീടിന്റെ മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുന്നതിനായാണ് പ്രവൃത്തികൾ ചെയ്തതെന്നാണ് മറുപടി വിശദീകരിച്ചിരിക്കുന്നത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല.

S0136/19

| പേര്, വിലാസം | വീട്ട് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|
| അനീഷ ബിജു, വലിയേടത്ത് | III/ 159 | 50,000/- |

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.14 തീയതി 25.09.2019) നൽകിയ മറുപടിയിൽ വീടിന്റെ അടുപ്പ് ഉൾപ്പെടെയുള്ള വർക്ക് ഏരിയ ഭാഗമാണ് ഷീറ്റ് ഉപയോഗിച്ച് മേഞ്ഞിട്ടുള്ളത് എന്നാണ്. സ്ഥലം നേരിട്ട് സന്ദർശിച്ചതിൽ ടെറസ്സിലേക്കുള്ള ഗോവണിയുൾപ്പെടെയുള്ള ഭാഗം ഷീറ്റ് മേഞ്ഞതായും ഇതിന് താഴെ ഒരു അടുപ്പ് ഉള്ളതായും കണ്ടു. വീടിന്റെ ജനൽ മാറ്റി വച്ചത് വീട് വാസയോഗ്യമാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകിയത് അംഗീകരിക്കാമെങ്കിലും കോൺക്രീറ്റ് മേൽക്കൂര ഉള്ള വീടിന് ടെറസ്സിലേക്കുള്ള ഗോവണി ഷീറ്റ് മേഞ്ഞതിന്റെ തുകയുൾപ്പെടെയുള്ള ആനുകൂല്യം അനുവദിച്ചത് നിരുത്തരവാദപരമാണ്. പഞ്ചായത്തിൽ പുനരുദ്ധാരണ പ്രവൃത്തികൾ ആവശ്യമുള്ള അനേകം വീടുകൾ ഉണ്ടെന്നിരിക്കെ, ആനുകൂല്യം അർഹമായ പ്രവൃത്തികൾക്ക് മാത്രം ചെലവഴിക്കുന്നുവെന്ന് നിർവഹണോദ്യോഗസ്ഥരും ഭരണ സമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-26 പഞ്ചായത്തിലെ ഗവ./എയ്ഡഡ് യു പി സ്കൂളുകൾക്ക് ഗണിതലാബ് -മാർഗരേഖയുടെ ലംഘനം

| | |
|---|---|
| പ്രോജക്ട് നം | 27/19 |
| നിർവ്വഹണം | എച്.എം.,<br>യു പി എസ് വാഴക്കുളം |
| അടങ്കൽ-219300 | പ്ളാൻ ഫണ്ട് -99300/-<br>റോഡിതരം- 88000/-<br>തനത് ഫണ്ട്- 32000/- |
| ചെലവ് | പ്ളാൻ ഫണ്ട് -99300,<br>ബിൽ നം. 3/16-11-18<br>40700/-ബിൽ നം. 4/16-11-18<br>47300/-ബിൽ നം. 21/19-3-19<br>തനത് ഫണ്ട്- 32000/-<br>വൗച്ചർ നം ലഭ്യമല്ല. |

കുട്ടികൾക്ക് ഗണിത/ശാസ്ത്രാവബോധം, നിരീക്ഷണപാടവം വളർത്തുന്നതിനുമായി മലപ്പുറം എസ് എസ് എ റിസേർച്ച് വിഭാഗം അദ്ധ്യാപകരുടെ ടീം ആണ് ഗണിതലാബ് ഉപകരണങ്ങൾ തയ്യാറാക്കിയത്. 219300 രൂപ ചെലവഴിച്ച് നിർമ്മിച്ച പഠനസഹായ ഉപകരണങ്ങൾ നൽകിയിരിക്കുന്നത് ഗവ.യു പി സ്കൂൾ വാഴക്കുളം, ഗവ.യു പി സ്കൂൾ ഏഴിപ്രം, അൽമുബാറക്ക് യു.പി.എസ്. പള്ളിപ്പുറം എന്നീ സ്കൂളുകളിലാണ് ഗണിതലാബ് സജ്ജമാക്കിയിരിക്കുന്നത്. അൽമുബാറക്ക് യു.പി.എസ്. പള്ളിപ്പുറം എയ്ഡഡ് സ്കൂളാണ്. സർക്കാർ പദ്ധതി വിഹിതം ഉപയോഗിച്ച് എയ്ഡഡ് സ്കൂളുകളിൽ ടോയ്‌ലറ്റ്, യൂറിനൽ, ജലലഭ്യത എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക എന്ന പദ്ധതി മാത്രമാണ് നടപ്പിലാക്കാവുന്നത് എന്നും, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള വിദ്യാലയങ്ങളിൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് മുൻഗണന നൽകണമെന്നും 29-1-18ലെ 11/18 തസ്വഭവ സർക്കാർ ഉത്തരവ്,14-2-18 ലെ 22/18 ാം നം ഉത്തരവ് എന്നിവയിലെ മാർഗ്ഗ നിർദേശങ്ങളിൽ (7.6.8,2) വ്യക്തമാക്കിയിട്ടുണ്ട്. മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് എയ്ഡഡ്

സ്കൂളിൽ പദ്ധതി നടപ്പാക്കിയതിന് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം . 7/19-9-19 ന് ലഭിച്ച മറുപടി തൃപ്തികരമല്ല. അനുവദനീയമല്ലാത്ത പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കാൻ പദ്ധതിപണം വിനിയോഗിക്കാതെ പൊതുവിദ്യാലയങ്ങളിലെ . അടിസ്ഥാന സൗകര്യവികസനത്തിന് പ്രയോജനപ്പെടുത്തേണ്ട പദ്ധതി വിഹിതം എയ്ഡഡ് വിദ്യാലയത്തിൽ ചെലവഴിച്ചതിനാൽ, തുക 73100/- തടസ്സപ്പെടുത്തുന്നു. പദ്ധതി മാർഗരേഖയനുസരിച്ച് പദ്ധതികൾ ആവിഷ്കരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-27 പ്രത്യേക കന്നുകുട്ടി പരിപാലനം - വിനിയോഗരേഖകൾ ലഭ്യമാക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ, പേര് | 57/19, കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ | 11,25,000/- (വികസന ഫണ്ട് ജനറൽ 281250/-, സംസ്ഥാനാവിഷ്കൃത ഫണ്ട്-281250/-, മറ്റുള്ളവ 562500/-) |
| ചെലവ് | 281250/- |
| ബിൽ നമ്പർ | 13/18-19 തീയതി 22.02.2019 |
| നിർവ്വഹണം | വെറ്റിനറി സർജൻ |

വെറ്റിനറി സർജൻ നിർവ്വഹണം നടപ്പിലാക്കിയ പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിക്കായി 2018-19 ൽ 281250/- രൂപ പ്രോജക്ട് ഓഫീസർ, ആലുവയ്ക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ പദ്ധതി നടത്തിപ്പിന്റെ ചെലവ് വിവരങ്ങൾ ലഭ്യമാക്കി സൂക്ഷിച്ചിട്ടില്ല. ക്ഷീരവികസനം ലക്ഷ്യമിട്ട് 4 മുതൽ 32 മാസം വരെ പ്രായമുള്ള കന്നുകുട്ടികൾക്ക് കാലിത്തീറ്റ, മരുന്ന്, വാക്സിനേഷൻ, ഇൻഷുറൻസ് എന്നിവ ലഭ്യമാക്കുന്നതിനാണ് തുക കൈമാറുന്നത്. എന്നാൽ കൈമാറിയ മുഴുവൻ തുകയും കാര്യക്ഷമമായി വിനിയോഗിച്ചോ എന്ന് വിലയിരുത്താൻ സാധിച്ചിട്ടില്ല. ക്ഷീര വികസനം ലക്ഷ്യമിട്ട് കൈമാറുന്ന തുക ഫലപ്രദമായി വിനിയോഗിക്കുന്നുണ്ടോ എന്ന് തുക കൈമാറിയതിനുശേഷം നിർവ്വഹണോദ്യോഗസ്ഥൻ പരിശോധിക്കുന്നില്ല. പദ്ധതി പൂർത്തിയാകുന്നതിന് മുൻപ് കന്നുകുട്ടികൾ ചത്തു പോകുകയോ, മറ്റ് കാരണങ്ങളാൽ തുക മിച്ചം വരികയോ ചെയ്താൽ പ്രോജക്ട് ഓഫീസറുടെ പക്കൽ തുക അവശേഷിക്കാറുണ്ട്. പ്രോജക്ട് ഓഫീസർക്ക് കൈമാറിയ തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12 തീയതി 25.09.2019) ലഭ്യമാക്കിയ മറുപടിയിൽ പദ്ധതി നടന്ന് വരികയാണെന്നും പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗവിവരം ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തീകരിച്ച് കൈമാറിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# 1-28 ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ തുക അടച്ചതിന്റെ വിവരം

1.ഭൂവികസന ഫീസ് ഈടാക്കാതിരുന്നത് സംബന്ധിച്ച് 17.9.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം 1) അടിസ്ഥാനത്തിൽ 12400/-രൂപ 19.9.2019 ലെ 119010500087 പ്രകാരം അടച്ചു.

2.ഓഡിറ്റോറിയത്തിന് നെയിം ബോർഡ് സ്ഥാപിച്ചതിന് അധിക തുക നൽകിയത് സംബന്ധിച്ച് 19.09.2019 ൽ നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.4) അടിസ്ഥാനത്തിൽ 16020 രൂപ 19.09.2019 ലെ 119010103793 പ്രകാരം അടച്ചു.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

# 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 84728 | നെൽകൃഷി വികസനം | 84728 | 0 |
| " " | 2018-19 | 385000 | പാലിന് സബ്സിഡി | 385000 | 0 |
| " " | 2018-19 | 133333 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 133333 | 0 |
| " " | 2018-19 | 1278000 | ലൈഫ് ഭവനപദ്ധതി- ജനറൽ | 1221600 | 56400 |
| | 2018-19 | 360000 | ലൈഫ് ഭവനപദ്ധതി- എസ് സി പി | 180000 | 180000 |
| | 2018-19 | 140000 | ലൈഫ് ഭവനപദ്ധതി- റ്റി എസ് പി | 76400 | 63600 |
| | 2018-19 | 280000 | അങ്കണവാടിക്ക് സ്ഥലം | 0 | 280000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 37900 | പാലിന് സബ്സിഡി | 37900 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 325000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 325000 | 0 |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2018-19 | 1400000 | ലൈഫ് പദ്ധതി-ജനറൽ | 900000 | 500000 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിട്ടി | അങ്കണവാടി നമ്പർ 564 കുടിവെള്ള കണക്ഷൻ | 61931 തീയതി 08.05.2018 | 10000 | 10000 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ഭവന വായ്പ | സർക്കാർ കത്ത് 63430/ ഡി.ബി/13/ ത.സ്വ.ഭ.വ തീ.25.10.2013 | 10800000 | 5145780 | 1504220 | 470904 | 3641560 |
| KURDFC ഭവനവായ്പ ലൈഫ് | | 4766181 | 0 | 0 | 0 | 4766181 |
| | | 15566181 | 5145780 | 1504220 | 470904 | 8407741 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 4501987 |

| | |
|---|---|
| തൻവർഷം നിക്ഷേപിച്ച തുക | 337533 |
| ആകെ | 4839520 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 4839520 |

**<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .</u>**

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | എറണാകുളം ജില്ലാ സഹകരണ ബാങ്ക്,മെയിൻ ബ്രാഞ്ച്,പെരുമ്പാവൂർ | 26.04.2019 | 6 മാസം | 352670 | 2038000000002 |
| 2 | ‘‘ | ‘‘ | ‘‘ | 559610 | 2038000000045 |
| 3 | ‘‘ | ‘‘ | ‘‘ | 192966 | 2038000000004 |
| 4 | ‘‘ | ‘‘ | ‘‘ | 724944 | 2038000000005 |
| 5 | ‘‘ | ‘‘ | ‘‘ | 716665 | 2038000000006 |
| 6 | ‘’ | ‘’ | ‘’ | 582457 | 2038000000007 |
| 7 | “ ഈവനിംഗ് ബ്രാഞ്ച് " | ‘‘ | ‘‘ | 593572 | 3638500000024 |
| 8 | ‘‘ ‘‘ | ‘‘ | ‘‘ | 1116636 | 3638500000026 |
| ആകെ | | | | 4839520 | |

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 19160/-.രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2 | 6450 | ചീഫ് എക്സിക്യൂട്ടിവ്, കടവിൽ എക്വിപ്മെന്റ്സ് | 118010500003/ 25.04.2018 |
| 2016-17 | 2-2 | 6750 | ചീഫ് എക്സിക്യൂട്ടിവ്, കടവിൽ എക്വിപ്മെന്റ്സ് | 118010500003/ 25.04.2018 |
| 2016-17 | 2-2 | 480 | എം കെ ജോർജ് മാലിക്കുടി | 118010104459/ 25.10.18 |
| 2016-17 | 2-2 | 480 | എം കെ ജോർജ് മാലിക്കുടി | 118010104459/ 25.10.18 |

| | | | | |
|---|---|---|---|---|
| 2016-17 | 2-2 | 2500 | ഡിപ്പോ മാനേജർ, മാവേലി സ്റ്റോർ | 118010104212/ 08.10.18 |
| 2016-17 | 2-2 | 2500 | ഡിപ്പോ മാനേജർ, മാവേലി സ്റ്റോർ | 118010104212/ 08.10.18 |
| | **ആകെ** | **19160** | | |

# 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | -- | 2013-14 | 3.3.6 | വിഷയാധിഷ്ഠിത അവലോകനം- ആരോഗ്യരംഗത്തെ തദ്ദേശസ്ഥാപന ഇടപെടൽ- പിഎച്ച്സി. വാഴക്കുളം | കുടിവെള്ള ലഭ്യത ഉറപ്പുവരുത്തി, ഉപകരണങ്ങൾ ലഭ്യമാക്കി, വാഹനം വാങ്ങുന്നതിന് നടപടി സ്വീകരിച്ചു, മരുന്ന് സൂക്ഷിക്കുവാൻ നടപടി സ്വീകരിച്ചു. നിയമ സഭാസമിതി തെളിവെടുപ്പ് നടന്നിട്ടില്ല. ഹോമിയോ ഡിസ്പെൻസറിയിൽ കിടത്തി ചികിത്സ നിലവിൽ ഇല്ല. |

# 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) <u>സംക്ഷിപ്ത വിവരം</u>**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 126659592 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 98399676 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ........ |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ........ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 355719 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 277619 | സ്റ്റീഫൻ കെ കെ, അസി: എഞ്ചിനീയർ |
| 1-22 | 5000 | ശ്രീ. രാകേഷ് കെ നായർ, വി ഇ ഒ, വാഴക്കുളം |
| 1-26 | 73100 | ശ്രീമതി.മിനി മാത്യു, ഹെഡ്മിസ്ട്രസ്സ്, ജി യു പി എസ് വാഴക്കുളം |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി മിനി മാത്യു, ഹെഡ്മിസ്ട്രസ്സ് | ഹെഡ്മിസ്ട്രസ്സ്, ജി.യു.പി.എസ് വാഴക്കുളം | നെലങ്ങൽ ഹൌസ്, വെസ്റ്റ് വെങ്ങോല, പെരുമ്പാവൂർ |
| ശ്രീ. രാകേഷ് കെ.നായർ, വി ഇ ഒ | വി ഇ ഒ, വാഴക്കുളം | കൃഷ്ണവിലാസം, ഞാറല്ലൂർ,കിഴക്കമ്പലം 683562 |
| സ്റ്റീഫൻ കെ കെ, അസി: എഞ്ചിനീയർ | റിട്ടയർ ചെയ്തു | കണ്ണേഴത്ത്, പള്ളിയാക്കൽ, നോർത്ത് പറവൂർ, ഏഴിക്കര, പിൻ 683513 |

# 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ.04.04.2016 |
| 1998-99 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(ii)/18/25.05.19 |
| 1999-00 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.2016 |
| 2000-01 | |
| 2001-02(പ്ലാൻ) | |

| | |
|---|---|
| 2001-02 (നോൺ പ്ലാൻ) | എൽ.എഫ്.ഇ.(പി5)1545808 തീയതി 09.01.09 |
| 2002-03 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീയതി 04.04.16 |
| 2003-04 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(iv)/18 തീ.25.05.19 |
| 2004-05 | |
| 2005-06 | കെ.എസ്.എ.-ഇ.കെ.എം.(പി5)698/15 തീ. 04.04.16 |
| 2006-07 | |
| 2007-08 | എൽ.എഫ്.ഇ.(പി5)1296/09/16.03.10 |
| 2008-09 | കെ.എസ്.എ.-ഇ.കെ.എം.(പി5)1126(v)/18 തീ.25.05.19 |
| 2009-10,10-11 | എൽ.എഫ്.ഇ.(പി5)5/13 തീ. 01.03.13 |
| 2011-12 | എൽ.എഫ്.ഇ.(പി5)214/14 തീ. 05.05.14 |
| 2012-13 | എൽ.എഫ്.ഇ.(പി5)11/15 തീ. 12.04.16 |
| 2013-14 | കെ.എസ്.എ-ഇ.കെ.എം.(പി5)924/16 തീ.31.05.17 |
| 2014-15 | കെ.എസ്.എ.-ഇ.കെ.എം.(പി5)1733/16 തീ.04.02.17 |
| 2015-16 | കെ.എസ്.എ.-ഇ.കെ.എം.(പി5)654/17 തീ.06.01.18 |
| 2016-17 | കെ.എസ്.എ.-ഇ.കെ.എം.(പി5)1594/17 തീ.19.07.18 |
| 2017-18 | കെ.എസ്.എ.-ഇ.കെ.എം.(പി5)2163/18 തീ.04.12.18/ 05.07.19 |

അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ്

# അനുബന്ധം - 1 ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.ഇ.കെ.എം.(പി.5)1684 /2019


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,

എറണാകുളം. 0484 2422271,
lfadekm@gmail.com


തീയതി:02.11.2019

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 295(4) എന്നിവ അനുസരിച്ചും പഞ്ചായത്തുകളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വാഴക്കുളം ഗ്രാമ പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. വസ്തു നികുതി സംബന്ധിച്ച വാർഷിക ധനകാര്യപത്രികയിലെ കണക്കുകൾ സഞ്ചയ പ്രകാരമുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല

2. ഭൂമി ഉൾപ്പെടെയുള്ള ആസ്തികൾ പൂർണ്ണമായും അക്കൗണ്ട് ചെയത് ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.

3. ബാലൻസ്ഷീറ്റ് B4 ഷെഡ്യൂൾ പ്രകാരം Contribution from Block/District Panchayath എന്ന ഹെഡിലുള്ള ആകെ തുക 1080000/- രൂപയാണ്. എങ്കിലും ഷെഡ്യൂൾ B17 പ്രകാരം TSB Joint venture a/c ൽ 1788623/- രൂപയാണ്.

4. റികൺസിലിയേഷൻ സ്റ്റേറ്റുമെന്റുകൾ പ്രതിമാസം തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

5. ഡെപ്പോസിറ്റ് രജിസ്റ്റർ ഇനം തിരിച്ച് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുത്തുന്ന രീതിയിൽ എഴുതി സൂക്ഷിക്കുന്നില്ല.

6. അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവിനങ്ങളുടെ രജിസ്റ്ററുകളിൽ അക്കൗണ്ട് പ്രകാരമുള്ള വരവ് മാത്രമാണ് ചേർത്തിട്ടുള്ളത്. ആയതിനാൽ വരവിനങ്ങളുടെ ഡിമാന്റിന്റെ കൃത്യത ഉറപ്പാക്കാനാകുന്നില്ല.

7. UC കിട്ടിയ 919715/- രൂപയുടെ Street line extension എന്ന ആസ്തിയുടെ ഡിപ്രിസിയേഷൻ, Income & expenditure A/c ൽ ഉൾപ്പെടുത്തിയിട്ടില്ല.

8. Liability in respect of Stale cheque എന്ന ഹെഡിലെ 41412/- രൂപയുടെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഡെപ്യൂട്ടി ഡയറക്ടർ

No.KSA.EKM(P5)-1684/2019

Kerala State Audit Department
District Office - Ernakulam
Civil Station, Kakkanad -682030
Email- lfadekm@gmail.com
Date – 02.11.2019

ANNEXURE-1

## AUDIT CERTIFICATE

Certified that I have examined the Annual Financial Statement of **VAZHAKKULAM GRAMA PANCHAYAT** in Ernakulam District for the year ended on 31.03.2019 in accordance with Section '4' of the Kerala Local Fund Audit Act 1994, Section 215(6) of the Kerala Panchayat Raj Act 1994, Rule 64 of Kerala Panchayath Raj Accounting rule 2011, and the guidelines issued by the Comptroller and Auditor General of India for the purpose of Certification of accounts of Panchayat Raj Institutions and the instructions vide GO(Rt.)1413/2018/LSGD/Dated 22.05.2018.

In my opinion, the Financial Statement of **VAZHAKKULAM GRAMA PANCHAYAT** for the year 2018-19 subject to the observations in the annexure-2, properly presents the picture of income, expenditure and closing balance.

DEPUTY DIRECTOR

## Abstract of defects

1. The accounts of property tax in AFS differs with the Sanchaya accounts.

2. Assets including land are not completely recorded in the asset register and not reconciled with the Annual Financial Statement.

3. As per B4 schedule, the total amount in the head 'Contribution from Block/District Panchayat' is Rs.1080000/- But the same is Rs. 1788623/- in TSB Joint venture account ; Schedule B17.

4. Monthly recconciliation is not done.

5. Deposit Register is not kept in a prescribed manner, in order to reconcile with the Annual Financial Statement.

6. The accuracy of Receipt Items Demand is not ensured; since the income received as per financial statements are only recorded in the register of Accrual Based Receipt Items.

7. The depreciation of the asset – 'Street line Extension' of which, the Utilization Certificate of Rs.919715/- has received, is not included in Income & Expenditure account.

8. The details of liability of Rs.41412/-in respect of the head “Stale cheques” are not furnished.

DEPUTY DIRECTOR

DEPUTY DIRECTOR